പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 170 — 25.03.2013-ൽ മറുപടിക്ക്

## തീരദേശ നിയന്ത്രണ പരിധി ലംഘിച്ചുള്ള മത്സ്യബന്ധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത്<br>,, ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തീരദേശ നിയന്ത്രണ പരിധി ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പരിധി ലംഘിച്ച എത്ര സംഭവങ്ങളുണ്ടായി ട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷകാലയളവിനിടയിൽ നിയമം ലംഘിച്ച് തീരത്തോട്ട ചേർന്ന് മത്സ്യബന്ധനം നടത്തിയ 18 ബോട്ടുകൾ കണ്ടുകെട്ടിയിട്ടുണ്ട്. കൂടാതെ രണ്ടു പ്രാവശ്യം മത്സ്യബന്ധന ബോട്ടുകളിൽ കപ്പലിടിച്ച് അപകടങ്ങൾ സംഭവിക്കുകയും ഒരു പ്രാവശ്യം മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവർക്ക് കപ്പലിൽ നിന്ന് വെടിയേറ്റ് അപകടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) യന്ത്രവൽകൃത ബോട്ടുകളുടെ കടന്നു കയറ്റം തടയുന്നതിനും മീൻ പിടുത്ത നിയന്ത്രണ നിയമം നടപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) യന്ത്രവൽകൃത ബോട്ടുകൾ നിയമം ലംഘിച്ച് തീരത്തോട് ചേർന്ന് മത്സ്യബന്ധനം നടത്തുന്ന അവസരങ്ങളിൽ അത് തടയുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ് ശക്തമായ പട്രോളിംഗ് നടത്തി വരുന്നുണ്ട്. ഇപ്രകാരം നിയമം ലംഘിച്ച് തീരത്തോട്ട ചേർന്നു മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് പിഴ ഈടാക്കി വരുന്നു.<br>പട്രോളിംഗ് ശക്തിപ്പെടുത്തി രജിസ്ട്രേഷൻ, ലൈസൻസ്, പെർമിറ്റ് എന്നിവ ഇല്ലാത്ത ബോട്ടുകളെ കണ്ടുകെട്ടി നടപടിക്ക് വിധേയമാക്കുന്നുണ്ട്. കെ.എം.എഫ്. ആർ.ആക്ട് അനുസരിച്ച് അതിർത്തി ലംഘിച്ച് മത്സ്യബന്ധനം നടത്താതിരിക്കാനുള്ള നിർദ്ദേശവും കപ്പൽ മാർഗ്ഗത്തിൽ കൂടി മത്സ്യബന്ധനം നടത്താതിരിക്കാൻ വേണ്ട അറിയിപ്പുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ബോട്ടുകളും മറൈൻ എൻഫോഴ്സ്മെന്റ് യൂണിറ്റുമായി വയർലെസ് മുഖേന ബന്ധം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ